ॐ



നൃസ്തക്രീഡനകോ ബാലോ ജഡവത്തന്മനസ്തയാ
കൃഷ്ണഗ്രഹഗൃഹീതാത്മാ ന വേദ ജഗദീദൃശം (7-4-37)
ആസീന: പര്യടന്നശ്നൻ ശയാന: പ്രപിബൻ ബ്രുവൻ
നാനുസന്ധത്ത ഏതാനി ഗോവിന്ദപരിരംഭിത: (7-4-38)
ക്വചിദ്രുദതി വൈകുണ്ഠചിന്താശബളചേതന:
ക്വചിദ്ധസതി തച്ചിന്താഹ്ലാദ ഉദ്ഗായതി ക്വചിത് (7-4-39)
നദതി ക്വചിദുത്കണ്ഠോ വിലജ്ജോ നൃത്യതി ക്വചിത്
ക്വചിത്തദ്ഭാവനായുക്തസ്തന്മയോഽനുചകാര ഹ (7-4-40)
ക്വചിദുത്പുളകസ്തൂഷ്ണീമാസ്തേ സംസ്പർശനിർവൃത:
അസ്പന്ദപ്രണയാനന്ദസലിലാമീലിതേക്ഷണ: (7-4-41)

*നാദമുനി തുടർന്നു:*
ഏറെ ബുദ്ധിമുട്ടുള്ളതായിരുന്നുവെങ്കിലും ഹിരണ്യകശിപു ആവശ്യപ്പെട്ട വരങ്ങളെല്ലാം, ബ്രഹ്മദേവൻ നൽകി. അങ്ങിനെ ദേവന്മാരും, സ്വർഗ്ഗവാസികളും മനുഷ്യരുമടക്കം എല്ലാവരും ഹിരണ്യകശിപുവിന്റെ നിയന്ത്രണത്തിൻകീഴിലായി. ശാസ്ത്രവിധിപ്രകാരമുള്ള എല്ലാ ധർമ്മകർമ്മങ്ങളും അയാൾ നിരോധിച്ചു. സ്വയം ഇന്ദ്രപദവി നേടിയെടുത്ത് ദേവന്മാരുടേയും മുനിമാരുടേയും ബഹുമാനം പിടിച്ചുവാങ്ങിച്ചു. ഹിരണ്യകശിപുവിന്റെ തപ:ശക്തിയാൽ ഭൂമിയും സ്വർഗ്ഗവും അവന്റെ ആജ്ഞയനുസരിച്ച് തങ്ങളുടെ നിധികളെല്ലാം ചൊരിഞ്ഞുകൊടുത്തു. അയാൾക്ക് നിയന്ത്രിക്കാൻ കഴിയാതിരുന്നത് സ്വന്തം മനസ്സിനേയും ഇന്ദ്രിയങ്ങളേയും മാത്രമായിരുന്നു. അതുകൊണ്ടുതന്നെ അയാൾ സന്തുഷ്ടനോ സംതൃപ്തനോ ആയിരുന്നില്ല.

വിശ്വപാലകർ ഭഗവാൻ വിഷ്ണുവിന്റെ പാദാരവിന്ദങ്ങളിൽ തങ്ങളുടെ സങ്കടമുണർത്തിച്ചു. അശരീരി പോലെ, ഇടിമുഴക്കം പോലെ ഇങ്ങിനെയൊരുറപ്പ് ആകാശത്തിൽ ഇരമ്പി. “നമുക്കതറിയാം. എപ്പോൾ ഈ രാക്ഷസൻ മാമുനിമാരെ അടിച്ചമർത്തുന്നുവോ, മിണ്ടാപ്രാണികളേയും ധർമ്മത്തേയും ദ്രോഹിക്കുന്നുവോ, സ്വന്തം പുത്രനും പുണ്യാത്മാവുമായ പ്രഹ്ലാദനെതിരെ പ്രവർത്തിക്കുകയോ ചെയ്യുന്നുവോ അപ്പോൾ നാമവനെ നിഗ്രഹിക്കുന്നതാണ്. അതുവരെ ക്ഷമയോടെ അവനെ സഹിക്കുക.”

ഹിരണ്യകശിപുവിന് നാലു പുത്രന്മാരുണ്ടായിരുന്നു. രാക്ഷസനുണ്ടായതാണെങ്കിലും മൂത്തമകൻ പ്രഹ്ലാദൻ യാതൊരുവിധ അസുരസ്വഭാവങ്ങളും ഇല്ലാത്തവനായിരുന്നു. മുതിർന്നവരെ അവൻ ഈശ്വരതുല്യം ആദരിച്ചു. തനിക്കൊപ്പമുള്ളവരെ അവൻ സ്വസഹോദരന്മാരേപ്പോലെ കരുതി. സംതുലിതമായ മനസ്സും ഇന്ദ്രിയ സംയമനവും കാരണം ദേവന്മാർ പോലും അവനെ അഭിനന്ദിക്കുകയും അവന്റെ പാത അനുകരിക്കുകയും ചെയ്തു.

ചെറിയകുട്ടിയായിരിക്കുമ്പോഴേ കുട്ടിക്കളി അവനുണ്ടായിരുന്നില്ല. ഹൃദയം മുഴുവൻ കൃഷ്ണനിൽ ആകൃഷ്ടമായിരുന്നു. മറ്റുള്ളവർ കണ്ടപോലെയല്ല അവൻ ലോകത്തെ കണ്ടത്. എന്തെല്ലാം ചെയ്യുമ്പോഴും (ഇരിക്കുക, നടക്കുക, ഭക്ഷിക്കുക, കുടിക്കുക, സംസാരിക്കുക എന്നിങ്ങിനെ എന്തും) അവന്റെയുള്ളിൽ കൃഷ്ണാവബോധം മാത്രമായിരുന്നു നിറഞ്ഞു നിന്നിരുന്നത്. ഭഗവൽമഹിമകളെ ധ്യാനിച്ചും ഭഗവാനെ നിനച്ചും ചിലപ്പോൾ അവൻ കരഞ്ഞു, ചിലപ്പോൾ പൊട്ടിചിരിച്ചു. ചിലപ്പോൾ ഒച്ചവച്ചും മറ്റു ചിലപ്പോൾ നാണമേതും കൂടാതെ നൃത്തം ചെയ്തും അവൻ ഭഗവൽമഹിമയെ കൊണ്ടാടി. ചിലപ്പോൾ സ്വന്തം വ്യക്തിത്വം പാടെ മറന്ന് സ്വയം ഭഗവാനാണെന്ന മട്ടിൽ പ്രഹ്ലാദൻ പെരുമാറി. അങ്ങിനെയുള്ള പരമഭക്തി കാരണം അവന് ഭഗവൽ ഭക്തന്മാരുമായി സത്സംഗത്തിനവസരവും ഉണ്ടായി.